പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1083

12.07.2016 ലെ മറുപടിയ്ക്ക്

## വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതി പ്രകാരം സംസ്ഥാനത്തെ കൃഷിഭവനുകൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. |

**1. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി:-**

കുറഞ്ഞത് 10 സെന്റ് എങ്കിലും കൃഷിയോഗ്യമായ ഭൂമി ഉള്ള സ്കൂളുകളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 5000/- രൂപ ധനസഹായം നൽകുന്നു. ഇതു കൂടാതെ ജലസേചന യൂണിറ്റ് സ്ഥാപിക്കുന്ന- തിനായി 10,000/- രൂപ ധനസഹായം നൽകുന്നുണ്ട്.

ഒരു അധ്യാപകന്റെ നേതൃത്വത്തിൽ 20-25 വിദ്യാർത്ഥികൾ അടങ്ങുന്ന ഗ്രൂപ്പ് ആയിരിക്കും ഈ കൃഷിയിൽ സജീവ പങ്കാളിത്തം വഹിക്കുന്നത്. സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് കുട്ടികൾക്ക് പരിശീലന പരിപാടികളും മറ്റു ബോധവൽക്കരണ ക്ലാസുകളും കൃഷിഭവന്റേയും, അധ്യാപകരുടേയും നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ സുരക്ഷിത പച്ചക്കറി കൃഷിയെപ്പറ്റി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറിയ്ക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപ്പുസ്തകവും മറ്റു ലഘുലേഖകളും നൽകുന്നുണ്ട്.

**2. വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡ് വിതരണം:-** ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമായി പച്ചക്കറി കൃഷിയിൽ മികച്ച വിദ്യാർത്ഥി, അധ്യാപകൻ, പ്രധാന

അധ്യാപകൻ, സ്കൂൾ എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് എല്ലാ വർഷവും അവാർഡുകൾ നൽകുന്നു.

**3. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി:-**

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 34 ലക്ഷം വിദ്യാർത്ഥികൾക്ക് 25 രൂപ വില വരുന്ന 6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ വിത്തു പാക്കറ്റുകൾ സൗജന്യമായി നൽകുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ പുതുതായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(ബി) കൂടുതൽ സ്കൂളുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം കൃഷിയും സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ